"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.04.2021 മുതൽ മുൻകാല പ്രാബല്യത്തോടെ 1000 രൂപ വീതം വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(അച്ചടി) നം.26/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2021

---

പരാമർശം:- 1 സ.ഉ.(അച്ചടി) നം. 30/2016/ത.സ്വ.ഭ.വ. തീയതി 10/08/2016.

2 സ.ഉ.(കൈ)38/2021/ധന. തീയതി 23/02/2021.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം പരാമർശം (1) ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 2021 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം 1000/- രൂപ (ആയിരം രൂപ മാത്രം) വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർദ്ധനവ് തത്വത്തിൽ അംഗീകരിച്ച് കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.04.2021 മുതൽ മുൻകാല പ്രാബല്യത്തോടെ താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഓണറേറിയം (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|
| 1 | 2 | 3 |
| **ജില്ലാ പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 15800 | 16800 |
| വൈസ് പ്രസിഡന്റ് | 13200 | 14200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9400 | 10400 |
| അംഗങ്ങൾ | 8800 | 9800 |
| **ബ്ലോക്ക് പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 14600 | 15600 |

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | 12000 | 13000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 8800 | 9800 |
| അംഗങ്ങൾ | 7600 | 8600 |
| **ഗ്രാമപഞ്ചായത്ത്** | | |
| പ്രസിഡന്റ് | 13200 | 14200 |
| വൈസ് പ്രസിഡന്റ് | 10600 | 11600 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 8200 | 9200 |
| അംഗങ്ങൾ | 7000 | 8000 |
| **കോർപ്പറേഷൻ** | | |
| മേയർ | 15800 | 16800 |
| ഡെപ്യൂട്ടി മേയർ | 13200 | 14200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9400 | 10400 |
| അംഗങ്ങൾ | 8200 | 9200 |
| **മുനിസിപ്പാലിറ്റി** | | |
| ചെയർമാൻ | 14600 | 15600 |
| വൈസ് ചെയർമാൻ | 12000 | 13000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 8800 | 9800 |
| അംഗങ്ങൾ | 7600 | 8600 |

3. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത പ്രസ്തുത സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതും, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കേണ്ടതുമാണ്.

4. കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുൻസിപ്പാലിറ്റി ആക്ടിലെയും അനുബന്ധ ചട്ടങ്ങളിൽ ഇതിന് അനുസ്യൃതമായ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ് തിരുവനന്തപുരം.

എല്ലാ നഗരസഭാദ്ധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും *(നഗര കാര്യ ഡയറക്ടർ മുഖേന)*

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.

*(പഞ്ചായത്ത് ഡയറക്ടർ മുഖേന)*

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.

*(ഗ്രാമവികസന കമ്മീഷണർ മുഖേന)*

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.

*(പഞ്ചായത്ത് ഡയറക്ടർ മുഖേന)*

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

*(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

*(കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുൻസിപ്പാലിറ്റി ആക്ടിലെയും അനുബന്ധ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി)*

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്.

ധനകാര്യ (ബി.ഡി.&ജി.ബി.) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്; തിരുവനന്തപുരം.

*(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും അച്ചടി-ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണത്തിനുമായി)*

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ